LIBRARY ARCHIVES Kerala Legislative Assembly

കറ്റകൃത്യങ്ങളിലെ ഇരകൾക്ക് നഷ്ടപരിഹാരം

257 (2085) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറ്റകൃത്യങ്ങളിലെ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. കേരള വിക്ടിം കോമ്പൻസേഷൻ സ്കീം 2014

(ബി&സി) 10-8-2015-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 7284/2015/ഫിൻ. പ്രകാരം ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഇര വിനിയോഗിക്കുന്നതിന് Member Secretary, Kerala Legal Services Authority (KELSA)-യെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. മെമ്പർ സെക്രട്ടറിയുടെ ആവശ്യപ്രകാരം 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കറ്റകൃത്യങ്ങളിൽ സംസ്ഥാനത്തിന്റെ സ്ഥാനം

258 (2086) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ റിപ്പോർട്ടുകൾ പ്രകാരം കൊലപാതകം, ബലാൽസംഗം, സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ, സ്ത്രീകൾക്കെതിരായ ലൈംഗിക പീഡനം, പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകൽ, സ്ത്രീകളെ മോശമായി ചിത്രീകരിക്കൽ തുടങ്ങിയ കറ്റകൃത്യങ്ങളിൽ കേരളം രാജ്യത്ത് എത്രാം സ്ഥാനത്താണെന്ന വ്യക്തമാക്കുമോ ;

(ബി) 2015-ൽ കേരളത്തിൽ എത്ര കൊലപാതകക്കേസുകൾ രജിസ്റ്റർ ചെയ്തു ;

(സി) 2015-ൽ കേരളത്തിൽ എത്ര ബലാൽസംഗക്കേസുകൾ രജിസ്റ്റർ ചെയ്തു ;